# ‘കോപം വെടിയുക’

## എഫേസ്യർ 4:26

“കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ; സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വച്ചുകൊണ്ടിരിക്കരുത്”

ഒരു വ്യക്തിയെ സംബന്ധിച്ച് അവന്റെ അനുദിന ജീവിതത്തിൽ നേരിടേണ്ടി വരുന്ന ഒരു വലിയ പ്രശ്നം തന്നെയാണ് കോപം. പലപ്പോഴും അതിനെ നിയന്ത്രിക്കാൻ സാധിക്കാതെ വരുന്നു. തത്ഫലമായി പ്രശ്നങ്ങൾ സങ്കീർണ്ണമാകുകയും ചെയ്യുന്നു. ഒരു നിമിഷത്തെ കോപമായിരിക്കാം നമ്മെ വലിയ പാപത്തിലേക്ക് നയിക്കുന്നത്. എന്നാൽ വചനം പറയുന്നു കോപിച്ചാൽ പപാം ചെയ്യരുത്. പാപത്തിനു കാരണമാകുന്ന കോപവുമുണ്ട്, മറ്റു തരത്തിലുള്ള കോപവുമുണ്ട്. ചില സ്ഥാനങ്ങളിൽ കോപം ആവശ്യമായി വരുന്നു. അതിനെ നമുക്ക് തെറ്റ് എന്നു പറയുവാൻ സാധ്യമല്ല.

പ്രാർത്ഥനാലയമായിരിക്കേണ്ട ദേവാലയം കള്ളന്മാരുടെ ഗുഹയാക്കിയവരോട് യേശു കോപിച്ചു. എന്നാൽ മനുഷ്യൻ കോപിക്കുന്നത് പലപ്പോഴും സ്വന്ത താത്പര്യങ്ങൾക്കും, വ്യക്തിത്വത്തിനും കോട്ടം സംഭവിക്കുമ്പോഴാണ്. എന്നാൽ യേശു കോപിച്ചത് അനീതി കണ്ടപ്പോഴാണ്. എന്നാൽ ഇന്ന് മനുഷ്യൻ അനീതിക്ക് നേരെ കണ്ണടക്കുന്നു. സ്വന്തമായ നേട്ടങ്ങൾക്കു വേണ്ടി പലതും കണ്ടില്ല കേട്ടില്ല എന്നു നടിക്കുന്നു. ഈ സാഹചര്യങ്ങളിൽ നമ്മൾ ദീർഘക്ഷമയുള്ളവരും എന്നാൽ സ്വന്ത ജീവിതത്തിൽ തന്റെ വ്യക്തിത്വത്തിനെതിരായി വരുന്ന ഒരു ചെറിയ കാര്യത്തെപോലും ക്ഷമയോടെ സഹിക്കുവാൻ കഴിയാത്തവരുമാണ്. നന്മയ്ക്കുവേണ്ടി കോപമെന്ന ആയുധത്തെ ആരും ഉപയോഗിക്കാറില്ല. എന്നാൽ അനാവശ്യമായ കാര്യങ്ങൾക്ക് വേണ്ടി നാം കോപിച്ച് പാപം ചെയ്ത് ജീവിതം നശിപ്പിക്കുന്നു.

പരാമർശം :

സങ്കീർത്തനങ്ങൾ 37:8

‘കോപം വെടിയുകയും ക്രോധത്തിൽ നിന്ന് അകന്നു നിൽക്കുകയും ചെയ്യുക. മുഷിഞ്ഞുപോകരുത്. അതു ദോഷത്തിലേക്കേ നയിക്കുകയുള്ളൂ”

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 020